പയ്യോളി മുൻസിപ്പാലിറ്റി

പയ്യോളി പിൻ 673522 കോഴിക്കോട് ജില്ല

ഫോൺ:- 0496 2602043 e-mail:payyolimunicipality@gmail.com

തീയ്യതി :27/12/23

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്

സർ,

വിഷയം:- പയ്യോളി നഗരസഭ – നവകേരള സദസ് മുഖേന ലഭിച്ച അപേക്ഷകൾ/നിവേദനങ്ങൾ-മറുപടി നൽകുന്നത് –സംബന്ധിച്ച്

സൂചന:- നവകേരള സദസിൽ ശ്രീ.എം.എ ബഷീർ, എളേറ്റിൽ മുതൽ പേർ എന്നവരുടെ 06/12/2023 തീയ്യതിയിൽ സമർപ്പിച്ച KZD0232708 ഡോക്കറ്റ് നമ്പർ അപേക്ഷ.

നവകേരള സദസ്സിൽ ശ്രീ.എം.എ ബഷീർ, എളേറ്റിൽ മുതൽ പേർ സമർപ്പിച്ച സൂചന പ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിൽ ചുവടെ ചേർത്ത വിവരങ്ങൾ താങ്കളെ അറിയിക്കുന്നു.

26/07/2023 തീയ്യതി പയ്യോളി നഗരസഭയിൽ വെച്ച് നടന്ന ഉപജില്ലാ സ്ഥിരം അദാലത്തിന്റെ തീരുമാന പ്രകാരം കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും 22/12/23 ന് ടി.പി1/10788/23 അപേക്ഷ പ്രകാരം സ്ഥല പരിശോധന നടത്തിയതിൽ 3-ാം നമ്പറായി ചേർത്ത അപാകത 75 cm കഴിഞ്ഞുള്ള ഭാഗം പൊളിച്ചുനീക്കണം എന്നുള്ളത് ടിയാൻ പൊളിച്ചു നിക്കിയിട്ടില്ല 6-ാം നമ്പറായി കൊടുത്തിട്ടുള്ള അപാകത ഗ്രൗണ്ട്ഫ്ലോർ മുതൽ 3-ാം നിലവരെയുള്ള KMBR VIOLATION ഉള്ള ഭാഗത്ത് തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ കൊടുത്തിട്ടുള്ള പാർട്ടീഷൻ ബോർഡ് താഴത്തെ നിലയിലേത് മാത്രമെ പൊളിച്ച് മാറ്റി ചുമർ നിർമ്മിച്ചിട്ടുള്ളൂ. ആയത് മുകളിൽതെ നിലകളിലേത് പൊളിച്ച് ആയത് പരിഹരിച്ചിട്ടില്ല. അപാകതയിൽ 10- ാം നമ്പറായി കൊടുത്തതിൽ കെട്ടിടത്തിന്റെ മുൻ ഭാഗത്ത് ലോഡിംങ്ങ് ആന്റ് അൺലോഡിംങ്ങ് ഏരിയ 3 കാർ പാർക്കിംങ്ങ് ആയത് സൈറ്റിൽ ലഭ്യമായിട്ടില്ല. അപാകത 9 പ്രകാരം ബെയ്സ്മെന്റ് ഫ്ലോറിലേക്ക് വാഹനം പാർക്ക് ചെയ്യുന്നതിന് KMBR ചട്ടപ്രകാരമുള്ള സ്ലോപ്പ് ലഭ്യമല്ല. മേൽ

അപാകതകൾ പരിഹരിച്ച് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമെ ഫയലിൽ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു എന്ന് റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

അസിസ്റ്റന്റ് എഞ്ചിനീയർ
പയ്യോളി നഗരസഭ

Assistant Engineer
Local Self Government Department
Payyoli Municipality

LSGD (LID & EW) Payyoli Municipality
Kozhikode